## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4599** **13.11.2019-ലെ മറുപടി**

### മലപ്പുറം മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ, പുൽപ്പറ്റ, മുറയൂർ പഞ്ചായത്തിൽ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇപ്പോൾ ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | എ) | മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ, പുൽപ്പറ്റ, മുറയൂർ പഞ്ചായത്തിൽ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ പ്രാഥമിക ഡിസൈൻ തയ്യാറാക്കിവരുന്നു. |
| ബി) | കഴിഞ്ഞ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചുവെങ്കിലും പദ്ധതിക്ക് നാളിതുവരെയും ഭരണാനുമതി നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി)& സി) | പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയശേഷം ഫണ്ടിന്റെ ലഭ്യതയും പദ്ധതിയുടെ മുൻഗണനാക്രമവും അനുസരിച്ച് ഭരണാനുമതി ലഭ്യമാക്കാൻ ഉള്ള നടപടികൾ സ്വീകരിക്കുന്നതാണ് . |
| സി) | ജനങ്ങളുടെ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ മുന്തിയ പരിഗണന നൽകി പ്രസ്തുത പദ്ധതി നടപ്പാക്കുമോയെന്ന് അറിയിക്കുമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ